(ബി) ഇല്ലെങ്കിൽ ആയതിലുള്ള തടസ്സത്തിന്റെ കാരണങ്ങളെ സംബന്ധിച്ച വിശദാംശം അറിയിക്കുമോ ;

(സി) അപേക്ഷാ തീർപ്പുകൾക്ക് നിലവിൽ കാലവിളംബം നേരിടുന്നതുകയാൽ അപേക്ഷകർക്ക് ഫയൽ നടപടി ബോദ്ധ്യപ്പെടുന്നതിന് സഹായകമായി വെബ്സൈറ്റിൽ ഈ വിഭാഗത്തിന്റെ ഫയൽ തീർപ്പ് ബോദ്ധ്യപ്പെടുന്നതിന് സഹായകമായി പ്രത്യേക ക്രമീകരണം നടത്തുമോ ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകരുടെ ബാഹുല്യം നിമിത്തം ഫയൽ നടപടികൾ സംബന്ധിച്ച വിവരങ്ങളോ, അപേക്ഷ തീർപ്പ് സംബന്ധിച്ച വിവരങ്ങളോ വെബ്സൈറ്റിൽ നൽകുന്നത് ഇപ്പോൾ പ്രായോഗികമല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം

72 (73) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന ചികിത്സാ സഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഡി.ആർ.എഫ്. സെക്ഷനിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) മരുന്നുകളുടെയും മറ്റും വില വർദ്ധനവ് കാരണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധന വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലവും അതനുസരിച്ചുള്ള ഫണ്ടിന്റെ കുറവുമൂലവും ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷകരുടെ ബാഹുല്യം കാരണമുണ്ടാകുന്ന കാലതാമസം പരമാവധി കുറയ്ക്കുന്നതിനായി റവന്യൂ (ഡി.ആർ.എഫ്.) വകുപ്പിൽ താത്ക്കാലിക സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) പരമാവധി സഹായം നൽകാൻ ശ്രമിക്കുന്നുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധന സഹായം

73 (74) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അമ്പലപ്പുഴ താലൂക്കിൽ ഏത് തീയതി വരെ ഉത്തരവ് ലഭിച്ചവർക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) ഉത്തരവ് ലഭിച്ചിട്ടും ധനസഹായം ലഭിക്കാത്ത എത്രപേർ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം വിതരണം ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25-8-2014 വരെ ഉത്തരവ് ലഭിച്ചവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) ഉത്തരവ് ലഭിച്ചിട്ടും ധനസഹായം ലഭിക്കാത്ത 383 പേർ ഉണ്ട്.

(ഡി) ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യേണ്ടതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ധനസഹായ വിതരണം

74 (75) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം അനുവദിച്ചാൽ ആയത് എത്ര സമയത്തിനുള്ളിലാണ് വിതരണം ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly